

# സൂക്തം

കോളേജ് വിദ്യാർത്ഥികളുടെ
മലയാള കവിതാസമാഹാരം

Edited by:
FEBEENA. K

# സൂക്തം

Malayalam Language
Sooktham: An Anthology of '
Poem's by Students

Right Reserved
First Published - January 2024
PUBLISHERS
Publication Wing & Department of Malayalam
Al Shifa College of Arts and Science,
Keezhatur, Perinthalmanna, Malappuram,
Kerala
Layout & Design - IT Department
Al Shifa College of Arts and Science
Keezhatur, Perinthalmanna, Malappuram,
Kerala

പ്രസാധക വിഭാഗം
& മലയാളം ഡിപ്പാർട്മെന്റ്

# സൂക്തം

## കോളേജ് വിദ്യാർത്ഥികളുടെ
## മലയാള കവിതാസമാഹാരം

**അൽ ഷിഫാ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്**

കീഴാറ്റൂർ, പെരിന്തൽമണ്ണ

**Editorial Board**

### Chief Editor
Babu. P. K, Ph. D
Principal
Al Shifa College of Arts and Science
Keezhatur, Malappuram Dt, Kerala

### Editorial Board Member
Febeena. K
Assistant Professor of Malayalam
Al Shifa College of Arts and Science
Keezhatur, Malappuram Dt, Kerala

# ഉള്ളടക്കം


1. യുദ്ധഭൂമി 7
2. മഹാഭാരതം ഒരു സ്വാതന്ത്ര്യാഖ്യാനം 9
3. നിർമ്മിതി 10
4. പനിനീർ പൂവിന്റെ വിലാപം 11
5. ഒരിക്കൽ കൂടി... 12
6. നീ കവിതകളായ്..! 13
7. ഞാൻ ഗാസ 14
8. അച്ഛൻ 15
9. ചുവന്ന തെരുവുകൾ 16
10. കാട്ടാളർ 17
11. വെള്ളിയാംകല്ല് 18
12. 'പച്ച'ക്കപമാനിക്കരുത് 19
13. മകൾ 20
14. എന്തൊരു ലോകം 22
15. സാമൂഹിക അകലം 23
16. ഒരു പുലർകാല സ്വപ്നം 25
17. ദൈവത്തിനും പറയാനുണ്ട് 26
18. വളരാത്ത വിരലുകൾ 28
19. ചുമൽ 29
20. ആത്മഹത്യ 32
21. മോഹം 33
22. പാതി 34
23. കിനാവ് 35
24. കാലം അപ്രതിക്ഷിതം 36
25. നിന്നിലേക്ക് 37
26. പ്രഭാതം 38
27. ആ നിമിഷം 39
28. മായാത്ത സ്മൃതികൾ 40
29. തിരിച്ചറിഞ്ഞില്ല നിന്നെ 41
30. മകൾ 44
31. വിസ്മയിക്കവെ....... 45
32. നിളയുടെ കാത്തിരിപ്പ് 46
33. ഇരുളിൽ ആരുമറിയാതെ 47
34. നിഴലുകൾക്കപ്പുറം 48

# അവതാരിക

കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കവിതകൾ ചേർത്തുവെച്ചുകൊണ്ട് അൽ ശിഫ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് മലയാളം ഡിപ്പാർട്മെന്റും പ്രസാധക വിഭാഗവും ചേർന്ന്പുറത്തിറക്കുന്ന, നവകാലത്തിന്റെ സർഗാത്മകതയും ഭാവുകത്വവും അടയാളപ്പെടുത്തുന്ന കവിതാസമാഹാരമാണ് സൂക്തം.

ചുമൽ, മഹാഭാരതം ഒരു സ്വാതന്ത്ര്യാഖ്യാനം, കാട്ടാളർ, ഇരുളിൽ ആരുമറിയാതെ, സാമൂഹിക അകലം, 'പച്ച'ക്കപമാനിക്കരുത്, നിർമ്മിതി, തുടങ്ങി 34 കവിതകളുള്ള 'സൂക്തം' എന്ന കവിതാസമാഹാരം പുതിയ ചില ബിംബങ്ങളിലൂടെയാണ് ശ്രദ്ധേയമാകുന്നത്. കാലഘട്ടത്തിന്റെ ചില അമൂർത്ത ഭാവങ്ങളെ ഈ കവിതകളിലൂടെ മൂർത്തമാക്കുവാൻ വിദ്യാർത്ഥികൾ ശ്രമിക്കുന്നു.

'വെട്ടി മുറിക്കപ്പെട്ട കെട്ട കാലത്തിന്റെ
സ്ഫോടനങ്ങളിൽ ചുട്ടെരിഞ്ഞ
ഒസ്യത്തു കടലാസിന്റൊരംശം
സഡാക്കോ പക്ഷി പോലെ
പാറാൻ കൊതിക്കുന്നു

യുദ്ധ ബാധ അതിർത്തി ഭേദിക്കുന്നു
ആയുധങ്ങളെ പെറ്റിടുന്നു
അമർച്ച കൂട്ടിടുന്നു

മീനുകൾ ചോരപ്പുഴയിൽ ചത്തുപൊങ്ങുന്നു
പറവകളുടെ ആകാശം ആണവപ്പുക തിന്നുന്നു
ചാരമായ മരച്ചില്ലയിൽ തണലില്ലാതെ മഴയില്ലാതെ
താഴ്വാരമില്ലാതെ
ഓരമില്ലാതെ
തീരമില്ലാതെ

സകലതും ചത്തൊടുങ്ങുമ്പോൾ

യുദ്ധകൊതിയാന്മാർ അട്ടഹസിക്കുന്നു
മനുഷ്യർ പരസ്പരം
കൊത്തി മുറിക്കുന്നു.

നെരൂദയുടെ കവിതകൾ
കത്തിച്ചാമ്പലാവുമ്പോൾ
" സ്ത്രീക്ക് മാതൃത്വം എന്നപോലെ
പുരുഷന് യുദ്ധമെന്ന് " ഘോഷിക്കപ്പെടുന്നു.'

(യുദ്ധഭൂമി-സഫുവാനുൽ നബീൽ ടിപി)

സ്ത്രീക്ക് മാതൃത്വം എന്നപോലെ
പുരുഷന് യുദ്ധമെന്ന്
ഘോഷിക്കപ്പെടുന്നു.'

എന്നിങ്ങനെയുള്ള തിരിച്ചറിവുകൾ ഉയർത്തുന്ന കവിതകൾ കൊണ്ട്, താൻ ജീവിക്കുന്ന കാലത്തോട് നിശിതമായും സൂക്ഷ്മമമായും പ്രതികരിക്കുന്നുണ്ട്, ശ്രദ്ധേയരചനകളടങ്ങിയ ഈ കവിതാസമാഹാരം. വായന കഴിഞ്ഞ് നിര്വ്വികാരമായി സൂക്തം അടച്ചുവെക്കാന് ചിന്തിക്കുന്ന ഒരു വായനക്കാരനു കഴിയില്ല. ഓരോ വായനക്കാരനും സ്വന്തം കുടുംബ ജീവിതങ്ങള്ക്കപ്പുറം സാമൂഹികമായ ചില ഉത്തരവാദിത്വങ്ങളുണ്ടെന്ന് പ്രത്യക്ഷമായും പരോക്ഷമായും നമ്മളോട് വരികളിലൂടെ പറയുന്നുണ്ട് ഇതിലെ കവിതകൾ.

സൂക്തത്തിലേക്ക് കവിതകൾ അയച്ചുതന്ന ഓരോ വിദ്യാർത്ഥിക്കും ഭാവനയുടെയും, കാഴ്പ്പാടുകളുടെയും ദാർശനിക ശബ്ദ്ങ്ങൾ ചേർത്തു വെച്ച് കാലഘട്ടത്തിന്റെ മാറ്റങ്ങൾ ഉൾകൊണ്ടകവികളായി മാറാനുള്ള ഒരു ചെറു ചിറകായിരിക്കട്ടെ ഈ കവിതാസമാഹാരം എന്നാശംസിക്കുന്നു.

**ഫെബീന. കെ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളം ഡിപ്പാർട്മെന്റ്

# യുദ്ധഭൂമി

മീനുകളുടെ ഭൂമി പറവകളുടെയാകാശം
മരങ്ങളുടെ തണൽ മേഘങ്ങളുടെ മഴ
മലകളുടെ താഴ്വാരം പുഴകളുടെ ഓരം
കടലുകളുടെ തീരം പങ്കുവെക്കലിന്റെ
അധികാരതർക്കത്തിൽ മനുഷ്യർക്കിടയിൽ
ആയിരം മുറിവുകളുടെ
ആഴമാവുകയായിരുന്നു

വെടികോപ്പുകൾ തീ തുപ്പുന്ന
വേഗത്തിനൊപ്പം യുദ്ധഭൂമിയിലെ
കഴുകകണ്ണുകൾ ചോര ചീറ്റുന്ന നഗ്ന
ദേഹത്തേക്ക് കാമപരവേശത്തോടെ
നോക്കി ലിംഗം ഉദ്ധരിപ്പിക്കുന്നു.

കത്തിച്ചാമ്പലാക്കപ്പെട്ട വാസങ്ങൾക്കുമേൽ
നോവിന്റെ നീർച്ചാൽ അഭയാർത്ഥികളുടെ
ചരമഗീതം പോലെ ഭൂമിയിൽ ഒരടയാളമായി
ഒഴുകിക്കൊണ്ടിരിക്കുന്നു.

അനാഥത്വം പെറ്റു വീണ മണ്ണിൽ
കരിങ്കൊടികൾ കറുത്തകടലായി-
യലയടിക്കുന്നമ്പോൾ കഴിഞ്ഞ
നൂറ്റാണ്ടുകളിലെ കാരണ ചരിത്രങ്ങൾ കാത്
തുളയ്ക്കുന്ന യുദ്ധകാഹളമായി മുഴങ്ങി
കേൾക്കുന്നു.

വെട്ടി മുറിക്കപ്പെട്ട കെട്ട കാലത്തിന്റെ
സ്ഫോടനങ്ങളിൽ ചുട്ടെരിഞ്ഞ ഒസ്യത്തു
കടലാസിന്റൊരംശം സഡാക്കോ പക്ഷി
പോലെ പാറാൻ കൊതിക്കുന്നു

യുദ്ധ ബാധ അതിർത്തി ഭേദിക്കുന്നു
ആയുധങ്ങളെ പെറ്റിടുന്നു
അമർച്ച കൂട്ടിടുന്നു

മീനുകൾ ചോരപ്പുഴയിൽ ചത്തുപൊങ്ങുന്നു
പറവകളുടെ ആകാശം ആണവപ്പുക
തിന്നുന്നു
ചാരമായ മരച്ചില്ലയിൽ തണലില്ലാതെ
മഴയില്ലാതെ
താഴ്വരമില്ലാതെ
ഓരമില്ലാതെ
തീരമില്ലാതെ

സകലതും ചത്തൊടുങ്ങുമ്പോൾ

യുദ്ധകൊതിയാന്മാർ അട്ടഹസിക്കുന്നു
മനുഷ്യർ പരസ്പരം
കൊത്തി മുറിക്കുന്നു.


നെരൂദയുടെ കവിതകൾ
കത്തിച്ചാമ്പലാവുമ്പോൾ
" സ്ത്രീക്ക് മാതൃത്വം എന്നപോലെ പുരുഷന്
യുദ്ധമെന്ന് " ഘോഷിക്കപ്പെടുന്നു.



**സഫുവാനുൽ നബീൽ ടിപി**
Ist MA Political Science
Indira Gandhi national tribal University. Amarkantak,
Madhya Pradesh

# മഹാഭാരതം ഒരു സ്വാതന്ത്രാഖ്യാനം

ഇലകൾ പൊഴിക്കാത്തിടത്തോളം കാലം
നമുക്കിവിടെ മരമായി വളരാനാകും
നിശബ്ദമായി എത്ര വേണേലും
പ്രസംഗിക്കാനാകും
അവർ ദാനം തരുന്ന ജയിൽ മുറിയിൽ
നാലുപാടും നടക്കാൻ നമുക്ക്
സ്വാതന്ത്ര്യമുണ്ട്
ഭൂമിയിൽ രണ്ട് തരം മനുഷ്യരേയുള്ളുവെന്ന്
നാമറിയണം;
വിശുദ്ധരും..വിരുദ്ധരും..
കൊടികളുടെ തണലില്ലാതെ നിന്നാൽ
സൂര്യതാപമേൽക്കും
കാട്ടിലേക്കിറങ്ങി ചെന്നാൽ പാമ്പ് കടിക്കും
വിഷം പരക്കും , ഉടനെ മരിക്കും
നിങ്ങളുടെ ചെരുപ്പിടാതെ
പാദങ്ങൾക്കൊത്ത
പാദുകങ്ങൾ ഇവിടെ ലഭിക്കും
തീറ്റകൾ കിറ്റുകളായി വീട്ടിലേക്കെത്തും
പണ്ടൊക്കെ കൊട്ടാരങ്ങളിൽ നന്നായി
സംസാരിക്കുന്നവർക്ക്
കൈ നിറയെ പൊൻപണം കിട്ടുമായിരുന്നു
ഇന്ന് നിങ്ങൾ നന്നായി മിണ്ടാതിരുന്നാലും
പണം കിട്ടും , പുരസ്കാരങ്ങൾ
തേടിയെത്തും
കണ്ണുകൾ മുറുക്കിയടച്ചാൽ നമുക്കിന്ന്
ജനാധിപത്യമെന്ന സുന്ദരസ്വപ്നം കാണാം
ഫിർഔന്റെ കാലത്തേ ആൺകുട്ടിയെ
പോലെയാണിന്ന് കവിതകൾ
പെറുമ്പോഴേക്കതിന്റെ
ഖബറൊരുങ്ങിയിരിക്കും




**ശിബിലി അമ്പലവൻ**

Degree 1st year
Dept of Aqida , Philosophy and Tasawwuf
Darul Huda Islamic University

# നിർമ്മിതി

മാതൃകയിലെ ആകാരം നോക്കി
സ്തൂപങ്ങളെനോക്കി
അവർ വ്യാഖ്യാനിച്ചു
ഖ്യാൻ വാപികളുടെ ശിരസ്സിനെ
ഒഴിഞ്ഞ ഖബറിടങ്ങളിൽ.
യാത്രികർ കണ്ട് പിരിയുന്നു
മുഷിഞ്ഞ ഭാണ്ഡങ്ങളിൽ നിന്ന്
എന്തോ പുകയുന്നു
കറുത്ത മണ്ണ്
അളിഞ്ഞ ശവങ്ങൾക്കുമീതെ
ചുവന്ന
ആശോകത്തിന്റെ അവസാനയിതൾ
ഇനിയൊരിക്കൽ കൂടി,
വരണ്ട മുഖങ്ങളിൽ
ഇസ്റാഫീലിന്റെ സൂർ മുഴങ്ങുന്നു
പുക മറയിൽ
കറുത്ത മണ്ണ്
അളിഞ്ഞ ശവങ്ങൾക്കുമീതെ
മഞ്ഞ ഇതളുകൾ
വ്യാഖ്യാനങ്ങളിൽ അവർക്ക്
ഭൂമിയില്ലാതെ
മരങ്ങൾക്ക് പിറകെ
മാറണമെന്നുണ്ടായിരുന്നു എന്തോ മുഷിഞ്ഞ്
നാറുന്നു
ഓ അവരെന്തോ തിരയുന്നു
പൊളിഞ്ഞ കബറിന്റ താഴെ
അസ്ഥിതിരയുന്ന അന്ധമൃഗങ്ങളെപ്പോലെ
ശൂന്യതയിൽ പരതുന്നു
കരൗളിയിലെ തലതാഴ്ത്തലുകൾ
ഓ
എന്തോ അനാഥമാവുന്നുണ്ട്
നിറം മങ്ങിയ മനുഷ്യരുടെ
മുഖങ്ങൾപോലൊന്ന്.



ജിഷ്ണു . ടി . പി
PKM COLLEGE OF EDUCATION MADAMPAM
KANNUR

# പനിനീർ പൂവിന്റെ വിലാപം

കോഴിയുവനായ് വിരിയുന്ന പനിനീർ
പൂവിന്റെ ഇതളുകൾ മൗനമായ് മൊഴിയവേ...
നാലുനാൾ കൂടി തികയ്ക്കുവാൻ വിധിയില്ല
പാരിന്റെ മോടിക്കൂട്ടുവാൻ വിരിയുന്നു.
വാഴുവാൻ ഏറെ കൊതിയുടെങ്കിലും
വാഴുന്നതിന്റെ പരിശ്രമം വിഫലമായ്
ശുദ്ധമായുള്ളോരീ വെള്ളവും വായുവും!
കിട്ടുവനായ് തുടിക്കും ഹൃദയവും
വിടർന്നതേതോ വിധിതൻ ഫലമായത്രേ
തുടിക്കുന്ന ഭൂമിതൻ മാറിൽ
പൊൻതൂവലേകാൻ കാഴ്ച്ച തൻ വിസ്മയം
തീർപ്പാന്നായ്, കൊഴിയുവാനല്ല
വിരിയുന്നതെങ്കിലും വിധിതൻ
ചക്രത്തിലാഴ്ണുപോയീടുന്നു



കവിത. സി. എം
Second year M A English
Ansar Women's College, പെരുമ്പിളവു

# ഒരിക്കൽ കൂടി...

വിട പറഞ്ഞിറങ്ങിയ വഴിത്താരയിലൂടെ
തിരിഞ്ഞു നടക്കാനായി
കൊതിക്കുന്നു എൻ ഹൃദയം.

ഓർക്കുംതോറും കണ്ണുകൾ നിറയുന്നു...
തിരിച്ചു വരില്ലിനിയൊരിക്കലും
ആ സുന്ദര നിമിഷങ്ങൾ...

പോകാൻ മടിച്ച ഇട നാഴികൾ
ഇന്നു മാടിവിളിക്കുന്നു
ഒന്നുകൂടി ഒത്തു ചേരാൻ.

പൊട്ടിച്ചിരിച്ചും ചിണുങ്ങി കരഞ്ഞും
ഇണങ്ങിയും
പിണങ്ങിയും കടന്നു പോയി വർഷങ്ങൾ
ഒരു
നിമിഷമെന്ന പോൽ...

വീണ്ടും കാതോർക്കുന്നു ഞാൻ
ഒരു തുണ്ട് ചോക്ക് കൊണ്ട് പകൽ
സ്വപ്നങ്ങൾ
തകർത്തെറിയപ്പെട്ട ക്ലാസ്സ്മുറിയിലെ
ധ്വനികൾക്കായി...

കാലമിനിയും തിരികെ വരുമെങ്കിൽ
തിരിഞ്ഞോടണം എനിക്കാ
കലാലയമുറ്റത്തേക്ക്.....




**ശ്രീലക്ഷ്മി ഗംഗാധരൻ**
BSC PSYCHOLOGY
Govt. Arts & Science College, Mankada

# നീ കവിതകളായ്..!

നിന്നിലിപ്പോൾ ഞാനില്ലെങ്കിലും
നിന്നോർമകളെന്നിലലയടിപ്പിക്കുന്നല്ലോ..!
എങ്കിലുമിന്നെനിക്ക് വിരഹമൊന്നുമില്ല
നിന്നോർമകളും, നിന്നിലലിഞ്ഞ്-
ഞാനെഴുതിയ കവിതകളും,
നിനക്കായ് കരുതിവച്ച വരികളും
എൻ മനസിൻ താളുകളിലിന്ന്
ബാക്കിയായിരിക്കെ.. വിരഹമൊന്നുമില്ല.!
ഒന്നൊറ്റക്കിരിക്കണം,
അതവസാനമായൊന്ന് വായിക്കണം,
ആരുമറിയാതൊന്ന് സൂക്ഷിച്ച് വക്കണം!
അത്രമാത്രം..!!



**കാവ്യ കുമരേഷ്**
Bsc botany,
Govt college chittur, Palakkad

# ഞാൻ ഗാസ

ഞാൻ ഗാസ

കഴുകൻമാരും പോർ വിമാനങ്ങളും.
എനിക്കുമേൽ വട്ടമിട്ടു പറക്കുന്നു.
ശവം തീനി കഴുകൻമാർ..
മാംസകൊതി പൂണ്ട ചോരകൊതി പൂണ്ട
ശവം തീനി കഴുകൻമാർ

ജീവനായി കരയുന്ന മനുഷ്യരും

ജീവനെടുക്കാനായി വെമ്പുന്ന മനുഷ്യരും
എന്റെ മണ്ണിൽ നെട്ടോട്ടമോടുന്നു
ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട്
ആരുമില്ലാത്തവരായി..
ആരുമല്ലാത്തവരായി..
മേൽവിലാസമില്ലാത്ത
മനുഷ്യരും....ശവശരീരങ്ങളും..

ഞാൻ ഗാസ



**സാന്ത്വന എ. കെ**
VI Biotechnology
Sir Syed Institute For Technical Studies,Thalipparamb

# അച്ഛൻ

നഷ്ട സൗഹൃദം വീണ്ടെടുക്കാൻ,
സ്നേഹിതനു മുന്നിൽ തെറ്റുകൾ
ഏറ്റുപറയുമ്പോൾ
അവൾ കാണാതെ പോകുന്ന ഒരു
വ്യക്തിയുണ്ട്.. .
മാപ്പ് അർഹിക്കുന്നതു താതനല്ലേ
തന്റെ ചങ്ങാതിയോട്മാപ്പിനായ്
കേഴുമ്പോഴും ,
മാനത്തെ കുറിച്ചോർക്കാത്തവൾ
തന്റ്ച്ഛനോട് മാപ്പ് പറയുന്നതിന്
അഭിമാനക്കുറവു
നോക്കുന്നതെന്തിനുവേണ്ടി..?
അവൾ പലപ്പോഴായി സ്വയം ചോദിച്ചിട്ടിട്ടുണ്ട്.
രണ്ടുപേരും മനുഷ്യരല്ലേ,
ചങ്ങാതിക്കെന്ന പോൽ പിതാവിനും
മനസ്സില്ലേ
അതും മനുഷ്യനല്ലേ
പ്രതിമയൊന്നുമല്ലല്ലോ
വേദനിക്കാതിരിക്കാൻ.
വാക്കുകൾക്കൊണ്ട് കുത്തിനോവിച്ചിട്ടും
പിന്നെയും എല്ലാം മറന്നു വരുന്ന
ആ മനുഷ്യനല്ലേ മാപ്പർഹിക്കുന്നത്.
ഒരാൾ നീ ജനിച്ചനാൾ മുതൽ
താങ്ങായും തണലായും നിൽക്കുന്നവൻ.
മറ്റെയാൾ നിൻ ജീവിതത്തിൽ
പാതിവെച്ചു സുഹൃത്തായി ..
പിന്നെ
മറ്റാരൊക്കെയോയായിത്തീർന്നയാൾ..
നഷ്ട്ട സൗഹൃദത്തിലൂടെ
സുഹൃത്തിന്റെ മൗനത്തിലൂടെ
സ്നേഹിക്കുന്നവരുടെ ലോകത്തിലേക്ക്
ചുരുങ്ങി.
സൗഹൃദത്തിനാഴങ്ങളിൽ കാണാതെപോയ
പിതൃമനം
അവളെ ഓർമപ്പെടുത്താറുണ്ട്,
നീ
തിരുത്താനാവാത്ത തെറ്റ്!




**ആർച്ച സന്തോഷ്**
II M.A English Student
Girideepam College, Kottayam

# ചുവന്ന തെരുവുകൾ

തെരുവിന്റെ വിറങ്ങലിച്ച
കൈത്തണ്ടയിലൂടെ
ഊർന്നിറങ്ങാൻ മാത്രമായൊരു
കയറുണ്ടായിരുന്നു.
ചീർത്ത് തടിച്ച്, വശങ്ങൾ പിരിഞ്ഞു-
പൊങ്ങിയൊരു നീണ്ട ചുവന്ന കയർ.

ഓരത്തെ ഓരോ തിരക്കിലും തിങ്ങി -
ഞെരുങ്ങി, വിയർത്തു വീർപ്പുമുട്ടുന്നു.
വർഷകാലങ്ങളിൽ മഴയോടലിഞ്ഞ് -
ചുവരുകൾക്കുള്ളിൽ ഒളിച്ചിരിക്കുന്നു.

തെരുവുകൾ ചുവത്തു തുടങ്ങി.
നിദ്ര തിന്ന ശൂന്യമാം രാത്രിയിൽ,
ജനൽപാളികൾ മങ്ങിയടഞ്ഞു.
ബാല്യങ്ങളോരോന്നും ചോര തുപ്പി.

ഉറക്കമില്ലാത്ത ചുവന്ന തെരുവുകളിൽ -
കുപ്പിവളകൾ പൊട്ടിചിതറി.
എല്ലുകളോരോന്നും നുറുങ്ങിയെന്നാകിലും,
കടലാസു കഷ്ണങ്ങൾ കണ്ടവ പല്ലിളിച്ചു.

ഇനിയില്ലൊരു ബാല്യം...!
ഇതൊരു ചുവന്ന തെരുവിലെ
ചോരക്കറയിൽ-
ചിതലരിച്ചു പോകേണ്ടവളുടെ ചിന്തകൾ
മാത്രം...




**വിഷ്ണുപ്രിയ**
Third Year B.Com
VTB College, Mannampatta

# കാട്ടാളർ

ലാത്തി വീശി, വെടിയുണ്ടകൾ തുരുതുരാ
ഹൃത്തടത്തിൽ പതിച്ചു.
ആകാശം കറുത്തു, വ്യസന സൂചകമായി
കണ്ണീർ മഴ പെയ്തു.
ദേഷ്യവും രോഷവും മഴവെള്ളപ്പാച്ചിലിൽ
ഒലിച്ചു തുടങ്ങി.
എങ്കിലും,ആവശിഷ്ടങ്ങൾ
ഭൂപ്രതലത്തിൽ തങ്ങി നിന്നു.
അസഹ്യമായ ദുർഗന്ധം
അന്തരീക്ഷത്തെ മലിനമാക്കി.
ഭൂമിക്കെന്തോ കഥകൾ
ഉരുവിടാനുള്ളത് പോലെ
കഥയെപ്പറ്റി ആരും ഭൂമിയോട് ചോദിച്ചില്ല.
എങ്കിലും സ്വയം പര്യാപ്തിക്ക് വേണ്ടി
വാക്കുകൾ കൂട്ടിച്ചേർക്കാൻ തുടങ്ങി.
കഥയിൽ കല്ലറകളുടെ ആധി പറച്ചിൽ
കേൾക്കാമായിരുന്നു.
മൃതശരീരത്തിൻ ഗന്ധമുള്ള വാക്കുകൾ
അന്തരീക്ഷത്തെ മലിനലമാക്കി.
ഏതോ ഒരു ലഹള കഴിഞ്ഞ പോലെ
ഭൂമി ശാന്തമാണ്.
ചില വാക്കുകൾക്കിടയിൽ
വെടിയുണ്ടകൾ തടസ്സമായി നിന്നു.
ആരുടെയൊക്കെയോ പ്രാണവേദന
വാക്കുകൾക്ക് കടിഞ്ഞാണിട്ടു.
എങ്കിലും ഭൂമി ഒച്ചയടക്കിപ്പിടിച്ച
സ്വരത്തോടെ കഥ പൂർത്തിയാക്കാൻ
വെമ്പൽ കൊണ്ടു.
ശിപായികളുടെ പൊട്ടിച്ചിരികൾ
കഥക്ക് ഊക്ക് കൂട്ടി.
എല്ലാത്തിനുമൊടുവിൽ പിഞ്ചുബാലന്റെ
കരച്ചിൽ അവ്യക്തമായി കേട്ടു.
വാക്കുകൾ ഇടറി, ഭൂമി സങ്കടം
ഉള്ളിലൊതുക്കി വീണ്ടും കരഞ്ഞു.
ബാക്കി......
ഒരു ചോദ്യചിഹ്നം മാത്രമായിരുന്നു..



**മുഹമ്മദ് ഫർഹാൻ. എം**
DEGREE RESEARCH SCHOLAR, DEPARTMENT OF
JURISPRUDENCE AT DARUL HUDA ISLAMIC UNIVERSITY

# വെള്ളിയാംകല്ല്

പറയാൻ ഏറെ ബാക്കി വെച്ച്
പുനർ ജന്മത്തിൽ വിശ്വസിച്ച്
നീ വീണ്ടും മടങ്ങി....
മരണത്തിനും ജനനത്തിനും ഇടയിൽ
ആത്മാക്കളുടെ ഇടത്താവളമായ
അറബിക്കടലിലെ
വെള്ളിയാംകല്ലിലേക്ക് തന്നെ.....
മയ്യഴിപ്പുഴയുടെ തിരത്തുള്ള
വെള്ളിയാംകല്ലിലെ
തുമ്പിയായി നീ വീണ്ടും മാറി .
നീ പോയത് കൊണ്ടാണോ
നിന്നോർമ്മകൾ
എന്നെ വീണ്ടും തളർത്തുന്നത് ....
എന്നെക്കാൾ മനോഹരമാണോ അത്.....
അതിനാലാണോ നീ
തിരികെ വരാതിരുന്നത്.....
അതെ,
മരണം അത്ര മനോഹരമായതു കെണ്ടാണ്
പോയവരാരും തിരികെ മടങ്ങാത്തത്.



നിദ ഖമർ
III Bcom Co operation
JDT Islam Arts and Science Collage, VELLIMADUKUNNU

# ‘പച്ച’ക്കപമാനിക്കരുത്

കുഴഞ്ഞ കാലുകൾ കുത്താൻ
കറങ്ങിയെത്തിയ കുരുവിയുടെ കണ്ണിലും
പെട്ടു
ചുവടെ, ചെടിനടൽ കർമ്മം

ക്ലിക്..
സുബൈദാറിന്റെ വെളുത്ത പല്ലും
തൈക്കു നേരെ നീട്ടിയ കൈയും
ക്യാമറമാൻ ഒപ്പിയെടുത്തു
ഒടുക്കം ഒപ്പിടാനെത്തിയ സുബൈദാർ
കൈവീശി മടങ്ങിയെങ്കിലും
കുഴി കുത്തിയ മാനവും
മണ്ണെടുത്ത കുഴിയൻ വാസുവും
വെള്ള ഷർട്ടിന്റെ
കയ്യും കേറ്റി നിൽപ്പുണ്ട്

കൂടിയവർ, കിട്ടിയ മിഠായിയുടെ
തോലും നിലത്തിട്ട്
നീണ്ട ഭാഷണത്തിന്റെ ഭാരം
താങ്ങാനാവാതെ
ഇലകൾ ഇറുത്ത് ചുരുട്ടി

വയ്യാതെ കിടപ്പിലായിരുന്ന ഉണ്ണിമുത്തശ്ശൻ
വടിയും കുത്തിയെത്തി,
കുഴികുത്തി വാരിയിട്ട മണ്ണിനടിയിൽ നിന്ന്
വിളറിയ തയ്യൊന്ന് പൊങ്ങി
അതിൽ കണ്ട വരണ്ട കഥയോർത്ത്
നാണിച്ച് കുരുവിയും മടങ്ങി

ഇന്നും, സുബൈദര് ‘തൊട്ട’ ചെടി
മീഡിയക്കാരൻ പോസ്റ്റാക്കി
സുബൈദര് ‘നട്ട’ ചെടി പോസ്റ്റായി!



ത്വാഹിർ അലി മംഗലാപുരം
മദീനതുന്നൂർ കോളേജ്
പൂനൂർ, കോഴിക്കോട്

# മകൾ

കൂട്ടിൽ തനിച്ചായ
കിളിക്കുഞ്ഞു മെല്ലെ തൻ
ജന്മത്തിൽ കനലിട്ട തീ-
ച്ചൂളയെ ഓർത്തൂ...

ചിറകറ്റു വീണ തൻ പ്രായവും,
തന്നുടെ മോഹങ്ങളറ്റുപോയ കാലവും.
ആ ഇരുണ്ടമുറിക്കുള്ളിൽ
തനിക്കു ചുറ്റും ഞെരിഞ്ഞമർന്ന
ഇരുണ്ട കൈത്തലങ്ങൾ,
അവളെയിന്നും ഭയത്തിൻ മുന-
യിൽ നിറുത്തുന്നു...

ശലഭമായ് പാറിപ്പറക്കാൻ
കൊതിച്ചൊരാപ്രായം.. എങ്കിലോ...
വിധികൽപ്പിച്ചതോ അവളുടെ സ്വപ്നത്തിൻ
ചിറകറുത്ത്
മറ്റൊരു ഭ്രാന്തിൻ ചിറകു തുന്നാൻ...

സ്വന്തമെന്നാരോ പറഞ്ഞു-
പഠിപ്പിച്ചതാ പിതാവിൻ കൈകളിൽ
തന്നെ തന്നുടെ മരണത്തിൻ
മുർച്ചയേറിയ ഭാവവും അവൻ
കൊടുത്തയച്ചുവല്ലോ...

സംഭവിക്കുന്നതെന്തെന്നു തിരിച്ചറി-
യാത്തൊരാപ്രായത്തിലല്ലോ...
അന്നു പിതാവിൻ കരങ്ങളെന്നിൽ
വലിഞ്ഞു മുറുകി അവൻ തന്റെ
ആവേശങ്ങളെന്നിൽ പെയ്തിറക്കിയത്...

നടന്നതിൻ പൊരുളറിഞ്ഞീടവേ
ഇനി എന്തെന്നു ദിനമെണ്ണി കഴിയവേ,
അവനതാ വീണ്ടും തഴുകുന്നു
തന്നുടെ മേനിയിൽ...

ഇനിയും വൈകിക്കൂടാ എനിക്കീ
മൗനം വെടിഞ്ഞീടേണം കത്തിപ്പടരണം
അവനുമുന്നിൽ എനിക്ക്
എന്നുള്ളിൽ പുകയുന്ന കനലിൻ
ചൂടേറ്റ് കത്തിപ്പടരണം...

അവളതാ ഓടിയടുക്കുന്നു
മൂർച്ചയേറിയ കഠാരയുമേന്തി...
അവളാ നിഷാദന്റെ ജനനേ-
ന്ദ്രിയം തന്നെയങ്ങു ഛേദിച്ചുമാറ്റി.

എന്നിട്ടും തീരാത്തൊരാ പക-
യേയവൾ പിതൃപ്രാണൻ ഏറ്റു വാങ്ങി-
ക്കൊണ്ടാക്കലിയെ അടക്കീ
എങ്കിലും സ്വന്തം രക്തത്തിൻ
നിറവും മണവും അവളിൽ
ഭ്രാന്തിൻ ചങ്ങലയിട്ടൂ.

തന്റെ ജന്മത്തെ വെറും പാഴ്ജന്മം
എന്നും പഴിച്ചവൾ
ഇന്നുമാമുറിയ്ക്കുള്ളിൽ ഇരുട്ടിനെ
തേടിപ്പിടിച്ചു കൊണ്ടാമകൾ ഉറങ്ങീടുന്നു
എല്ലാം മറന്നവൾ ഉറങ്ങീടുന്നു...



**അഖില**

III B A History
Educare Academy,Iriitty, Kannur

# എന്തൊരു ലോകം

സ്ത്രീക്ക് പൂർണ സ്വാതന്ത്ര്യമുള്ള ലോകം.
പുരുഷന്മാർ സ്ത്രീ സ്വാതന്ത്ര്യത്തിനായ് –
പ്രക്ഷോഭങ്ങൾ നടത്തും ലോകം.
ഓരോ പുരുഷനും
അവരുടെ വീട്ടിലെ സ്ത്രീക്കു
സ്വാതന്ത്ര്യം നൽകുന്നുവോ –
എന്ന് ഓർക്കുക.
നിങ്ങൾ നൽകേണ്ടതല്ല
സ്ത്രീയുടെ സ്വാതന്ത്ര്യം.
അത് അവരുടേത് തന്നെയാണ്.
എന്നാൽ നിൻ പുരുഷാധിപത്യം കാണിച്ച്
സ്ത്രീ സ്വാതന്ത്ര്യത്തെ നീ വിലക്കുന്നുവോ?
സ്ത്രീകളെ നിങ്ങളിൽ പലരും
സ്ത്രീയുടെ സ്വാതന്ത്ര്യത്തിനെതിരെ
പ്രവർത്തിക്കുന്നു ,
നീ ഏത് വർഗ്ഗമെന്നോർക്കാത്തെ !
ആണെല്ലെയവൻ അവനല്ലെ നാളെ
നിങ്ങൾക്ക് –
എന്ന് പറയുന്നസ്ത്രീയെ.....
നീ പെണ്ണു നിലനിർത്തിയ
കുടുംബത്തെ എന്തേ ഓർക്കാത്തത് ?
എന്തേ അതിൽ അഭിമാനം കൊള്ളാത്തത് ?



**ഫാത്തിമത്തുൽ ഫർഹ. കെ ഇ**
രണ്ടാം വർഷം, ബി എ മലയാളം
സർ സയ്യിദ് കോളേജ്, തളിപ്പറമ്പ്

# സാമൂഹിക അകലം

എന്നെ ചിരിപ്പിക്കാനറിയാത്ത
കളിപ്പാട്ടങ്ങൾക്കായി
ഞാനെഴുതുന്ന പ്രേമലേഖനം.

മാനസമെഴുതിയ നാടകത്തിലെ
ശത്രു വേഷമണിഞ്ഞെത്തിയ
'ധർമ്മിഷ്ഠനായ പിശുക്കനെ'
അന്ധരായ സന്തോഷങ്ങളൊന്നിച്ചു
കൂക്കി വിളിച്ചു; അച്ഛനത്രെ,അച്ഛൻ.

കൈയ്യടികൾക്കു വേണ്ടി വിയർത്തൊലിച്ച
സിനിമകൾ ചൊല്ലിയ
അച്ഛന്റെ വാഴ്ത്തുപാട്ടുകളിലൊക്കെയു-
മെന്റച്ഛനെ ഞാൻ തിരഞ്ഞു നോക്കി.

ഉപ്പു വെള്ളമടിച്ചു വീശുന്ന
കടലിന്നക്കരെ നിന്നാസ്വദിച്ചീടവേ
വറ്റിത്തുടങ്ങിയ ആ കാഴ്ചവസ്തു-
വിനെക്കുറിച്ചിന്നേവരെ മനസ്സൊരിക്കലും
നനച്ചതേയില്ല.

നിന്റെയാഗ്രഹങ്ങൾ തിന്നു,
പരിശുദ്ധമാം നിൻ വിയർപ്പിൽ
സ്നാനം ചെയ്തു കയറി,
നിന്റെ ജീവിതമൂറ്റിക്കുടിച്ചു
ബുദ്ധി വീർത്തു വന്നപ്പോളവർ മൊഴിഞ്ഞു;
ഇത്തിരി കൂടി മധുരമാവാമായിരുന്നു!

കളിപ്പാവകൾ നിന്റെ
വാക്കുകളിഴകീറി സ്നേഹം
പരിശോധിക്കവേ
ധർമ്മിഷ്ഠന്റെ നെഞ്ചകമളക്കാൻ
ഒരു നോക്കെങ്കിലും പിശുക്കി
നൽകാമായിരുന്നു.

ഇനിയും ജനിക്കാത്ത കഥകളുടെ
തുണിയുരിഞ്ഞെന്നെ ഉന്മാദാനാക്കി
ഭ്രാന്തമായെന്നിലൂടെ ഉരുവിട്ടു കൊണ്ടിരുന്നു;
നിന്റച്ഛനെത്രമേൽ ക്രൂരൻ!

മാവേലിയായ് വന്നെത്തിയെന്നോ
ആശിർവദിച്ചു മടങ്ങിയ
ശയനങ്ങളെക്കാത്തു മുഷിഞ്ഞ
നയങ്ങളോടയാളരുളി;
അരുത് കാട്ടാളാ, സമയമായിട്ടില്ല.

കുട്ടി വരച്ച ചിത്രങ്ങളൊക്കെയും
വായില്ലാ കുന്നില്ല'പ്പനും'
കരമില്ലാ വിഷ്ണുവും,
ശിരസ്സില്ലാ ബ്രഹ്മാവും...
പത്തു ഹൃദയമുള്ളോരച്ഛനെ വരച്ചവൻ
ദൈവമെന്നു പേരിട്ടു വിളിച്ചു.
അച്ഛന്റെ ഭത്സനമോക്ഷം ലഭിക്കാൻ
ദൈവത്തെ ചേർത്തു പിടിച്ചുറങ്ങി.
ക്ഷമ പറഞ്ഞച്ഛനൊന്നുമ്മ
വെച്ചപ്പോഴറിയാതെ ചിറകു മുളച്ചു.
വർണാഭമാം ചിറകു വിരിച്ചു -
പറക്കവേ പറവകൾ കൊതിയോടെ
പറഞ്ഞു;
മാലാഖക്കുഞ്ഞ് പറക്കുന്നു!
നാണിച്ചു വഴിമാറിയ താരകങ്ങൾക്കു
മുന്നിലെയലർച്ചയിൽ ഞെട്ടിയുണർന്നു;
സന്ധ്യാ ഉറക്കത്തിനച്ഛൻ ചീത്ത പറയവേ
'ദുസ്വപ്നത്തിന്റെ' പൊടി തട്ടി മാറ്റി
അമ്മയ്ക്കു പുറകിലൊളിച്ചു.

അച്ഛന്റെ ചിരിയിലേക്കിനിയു-
മെത്തിപ്പെടാനാവാതെ ഞാൻ
സന്തോഷിപ്പിക്കാനച്ഛൻ പറഞ്ഞയച്ച
കളിപ്പാട്ടത്തിന്റെ ജാതകപൊരുത്തമില്ലായ്മ
ഞാൻ ഗണിച്ചു കണ്ടു പിടിച്ചു കൊണ്ടിരുന്നു.



**മുഹമ്മദ് ഷാഫി വി. കെ**
Second Year M.A English
IGNOU

# ഒരു പുലർകാല സ്വപ്നം

ഈ നിമിഷം,
വിരലുകൾ അറിയാതെ വിറച്ചു
തുടങ്ങിയിരിക്കുന്നു,
കണ്ണുകൾ ഇതുവരെ കാണാത്ത
ഒന്നിനെ കാണാൻ തയ്യാറെടുക്കുന്ന പോലെ,
ശരീരത്തിലൂടെ ഒരു തണുപ്പ്
ഒഴുകിനടക്കുന്നു,
എല്ലാം അറിഞ്ഞിട്ടും മനസ്സ് മറ്റെന്തിനോ
വേണ്ടി കാത്തിരിക്കുന്നപോലെ,
അതുവരെ എരിഞ്ഞിരുന്ന ഓർമകളെല്ലാം
സ്വയം ദഹിച്ചു തീരുന്നു,
ഓരോ നിമിഷവും ഓരോ മുഖങ്ങളെ
അടയാളപ്പെടുത്തുന്നതു പോലെ,
കാലം ചെവിയിൽ ജീവിത രഹസ്യം
പറഞ്ഞുകൊണ്ടിരിക്കുന്നു,
ചുറ്റുമെന്തോ ഒരു സുഗന്ധം
പരന്നുകൊണ്ടിരുന്നു...

ആരോ പറഞ്ഞു - മരണത്തിന്റെ ഗന്ധം



**അക്ഷയ് കുമാർ. കെ**
V B. A Economics
Al Shifa College of Arts and Science, Keezhattur

# ദൈവത്തിനും പറയാനുണ്ട്

നിന്റെ മേൽ വിധിയാലൊരു വിളയാട്ടം
നടത്തിയവനെന്നാരോപിക്കപ്പെട്ടവൻ
കൊടുംക്രൂരനെന്നാക്രോശിക്കപ്പെട്ടവൻ.
നീചനും ചതിയനുമായി മുദ്രകുത്തപ്പെട്ടവൻ
പരീക്ഷണങ്ങളാലൊരു
പടക്കളമൊരുക്കിയവനെന്നാക്ഷേപിക്കപ്പെട്ടവൻ
കഷ്ടപ്പെടുന്നവനെ ഒറ്റപ്പെടുത്തിയവനെന്ന്
വിചാരണ ചെയ്യപ്പെട്ടവൻ
കുരുടനും ബധിരനും
മൂകനുമെന്നവഹേളിക്കപ്പെട്ടവൻ
ആടിത്തിമിർക്കുവാനായിരം വേഷങ്ങളേകിയവനെന്ന്
തെറ്റിദ്ധരിക്കപ്പെട്ടവൻ
എല്ലാമറിഞ്ഞിട്ടും ഒന്നുമറിയാത്ത
നാട്യക്കാരനായ് വാഴ്ത്തപ്പെട്ടവൻ
ഇവ്വിധം പഴികളാലൊരു കിരീടം തീർത്ത്
നിന്റെയീശ്വരനെന്ന
മായാജാലാക്കാരനായവരോധിക്കപ്പെട്ടവൻ
ഞാൻ മുന്നറിയിപ്പുകളേറെ നൽകിയിട്ടും
മോശമായവ തിരഞ്ഞെടുത്തതിനെന്നെ
കരുവാക്കിയവൻ നീ നിന്റെ ചെയ്തികൾ
നിനക്ക് ചുറ്റുമൊരു ചക്രവ്യൂഹം
തീർത്തതുമെന്റെ കുറ്റമെന്നോതിയ
കൗശലക്കാരൻ നീ
ജീവജാലങ്ങളിൽ വിവേകത്താൽ
വ്യത്യസ്തനായി നിന്നെ സൃഷ്ടിച്ചവനെ
നിന്ദ്യനാക്കിയവൻ നീ
വികാരം ഭരിച്ച നാളുകളിൽ നീ
നഷ്ടപ്പെടുത്തിയവക്കെല്ലാമെന്നെ പ്രതി
ചേർത്തവൻ നീ

നിന്റെ ലാഭങ്ങൾ നിന്റെയധ്വാനഫലമെന്നൂറ്റം
കൊണ്ട നീയെന്തിന് നിന്റെ
നഷ്ടങ്ങളിലെന്നെ പഴിക്കണം
രക്ഷിക്കുമാത്മാക്കളെയകറ്റി നിർത്തി
ശിക്ഷകരെ തേടിപ്പിടിച്ച നീ
കാരണക്കാരനെന്നാരോപിച്ചെന്നെയെന്തിന്
ശപിക്കണം ....
ഹേ മനുഷ്യാ .... ഇനിയൊന്നു പറയൂ നീ
മായജാലം തീർക്കുന്ന മാന്ത്രികൻ നീയോ
ഞാനോ ?




**ഷൈമ സി. യു**

BA English, Second Semester

IDEAL College for Advanced Studies, Kadakasseri

# വളരാത്ത വിരലുകൾ

അഞ്ച് തികഞ്ഞന്ന്,
ഓടിത്തീരാത്ത
വെള്ളിക്കൊലുസിലൊരു
വിലങ്ങു വീണു.

വീണുടഞ്ഞ ചിരികളും
പെയ്യാനൊരുങ്ങിയ മുഖങ്ങളും
പൊതിയഴിച്ച മിഠായികളിലേക്ക്
നിറകണ്ണെറിഞ്ഞു.

ഒന്നും ഒന്നും കൂട്ടിത്തുന്നിയ
ഒന്നാം ക്ലാസിലേക്ക്
കുഞ്ഞുടുപ്പുകളുടെ
കൂടു മാറ്റി.

അന്നു തൊട്ടിന്നോളം,
ജൂണിലെ മഴ നനഞ്ഞ
ഉച്ചപ്പായ മടങ്ങിതന്നെ കിടന്നു.
ഒറ്റമൈനയെ കണ്ട് ചുവന്ന
കൈകളാണധികവും,
പടിപ്പുറത്തിരിക്കുന്നത്.
പൂട്ടില്ലാത്ത ചോറ്റുപാത്ര -
ത്തിലാണ് ഓണവും
പെരുന്നാളും
കൈകോർത്തു വച്ചത്.

വെറുതെയിരിക്കുമ്പോൾ
ഓർമ്മകളൊന്ന് കുഴിച്ച് നോക്കൂ...
പുതുമഴ ഉമ്മ -
വെച്ചവരുടെ ക്ലാസിന്
വല്ലാത്തൊരു ഗന്ധമായിരിക്കും.

ആകാശം കാണാതെ
പെറ്റു പെരുകിയ
മയിൽ പീലി പരത്തുന്ന
മരണത്തിന്റെ ഗന്ധം,
ഉന്നം വെച്ച ഓടുകളിൽ
മുളച്ചു വന്ന പല്ലുകളുടെ
ചോര വറ്റിയ ഗന്ധം.

കണ്ടില്ലെന്നു നടിച്ച
ഓർമ്മകൾ തോണ്ടി
അവരാവർത്തിച്ചു
കൊണ്ടേയിരിക്കും
'ആകാശത്തോളമൊന്ന്
തളിർത്തെങ്കിൽ'!




**ഫാത്തിമ ഹുദ. എ കെ**

III B A Sociology

Fathima Zahra Islamic Women's College Chemmad

# ചുമൽ

ഈ ഇടെയാണ്, ചുമലിന്റെ ഭാരം
കൂടി വരുന്നത് ശ്രദ്ധിച്ചത്,
ഇടത്തെ ചുമലിൽ ചൂടും, വലതിൽ
സാമാന്യമായ തണുപ്പും
പടച്ചോന്റെ കാലുകൾ എന്റെ
മുതുകിലാണി-രിക്കുന്നതെന്ന് തോന്നാറുണ്ട്,
നരകവും സ്വർഗ്ഗവും
എന്റെ ഇരു ചുമലിൽ ചാർത്തി ഇട്ട
റാന്തലുകളായും തോന്നാറുണ്ട്
രണ്ടിൽ നിന്നും തേനൊറ്റി
വീഴുമ്പോലെ, മെഴുകൊലിക്കാറുമുണ്ട്
ഇടക്കൊക്കെ ചുമലുകൾ പൊള്ളാറുമുണ്ട്.

നരകത്തിൽ കിടന്നു പൊള്ളുന്നവരുടെ
നിലവിളികൾ ഇടത്തെ ചെവിയിൽ തറച്ചു
കയറാറുമുണ്ട്, എന്തെല്ലാമോ
മോഹിച്ചെത്തുകയും, ഒന്നും നേടാതെ
മരണത്തിലേക്ക് വീഴുകയും ചെയ്തവരുടെ
കിനാവുകൾ എന്നെ വേട്ടയാടാറുണ്ട്.
ചെന്നായകൾക്ക് പിന്നാലെ ഓടുന്ന
വേട്ടപ്പട്ടിയെ പോലെ,
ഉമിനീരൊലിപ്പിച്ചു, കൂർത്ത നഖങ്ങളുമായി,
കുടകിലെ തണുപ്പിൽ
അവയെന്നെ വേട്ടയാടുന്നു..

ഞാനാണോ അവരാണോ വേട്ടയാടുന്നത് ?
വേട്ടക്കാരനും വേട്ടയാടപ്പെടുന്നോ ?
നരകവാസികളുടെ കരച്ചിലിൽ
കുടകിലെ തണുപ്പിൽ, ഞാൻ അറിയാതെ
പെണ്ണ് പിടിയനും, മുറുക്കി തുപ്പുന്നവനുമായി
മാറുന്നു, വേശ്യകളുടെ സന്തതസഹചാരിയും,
പെണ്ണിന്റെ പേടി സ്വപ്നവും ആയി മാറുന്നു

രാവിലകളെ ഇത്രത്തോളം എന്തിനാണ്
ഞാൻ വെറുക്കുന്നത് ?
നരകത്തിലെ ചൂട് എന്തേ എന്റെ
തണുപ്പിനെ അകറ്റാത്തു ?
ചൂടും തണുപ്പും മാറി മാറി
വരുന്നിടത്തെല്ലാം തന്നെ, ഞാൻ തോറ്റു
പോവുന്നു, മരണത്തിൽ സൗഖ്യമെത്രെ,
നരകത്തിലെ നൂറടി താഴ്ചയിലേക്ക്
എന്നെ കൊണ്ടെത്തിക്കാൻ

കളിക്കുന്നൊരു കളി, അത് മാത്രമല്ലെ
മരണം?
ആകെപ്പാടെ പ്രണയിച്ചിരുന്ന
മരണത്തെയും ഞാൻ വെറുക്കണോ ?

മരിക്കാനും, ജീവിക്കാനും കഴിയാതെ
തണ്ടൊടിഞ്ഞ അപൂർണൻ.

പടച്ചോനോടുള്ള ചതുരംഗത്തിൽ
എനിക്ക് തെറ്റിയിരിക്കുന്നു,
കണ്ണൊന്ന് തെറ്റിയ ഉടനെ മൂപ്പരങ്
കാലാളെ വെട്ടിയിരിക്കുന്നു.

ലഹരി ഒരു മഴയായി പെയ്തിരുന്നേൽ,
മൂക്കിലും, മുലയിലും,
ശ്വാസനാളങ്ങളിലും, ഗ്രന്ഥിയിലും
യോനിയിലും അർബുദമായത്
പടർന്നിരുന്നെങ്കിൽ... മടുത്തിരിക്കുന്നു
വേദനകൾ പേറിയ ജീവിതം,
വേശ്യകണക്കെ വേദനകൾ
നെഞ്ചിൽ തപ്പ് കൊട്ടുന്നു.

അസ്‌റാഈൽ, എനിക്കറിയാം നീ എന്നെ
പിന്തുടർന്നുണ്ടെന്ന്, കാറ്റിലും
കോണിലും, അങ്ങാടിയിലും,
വേദനകൾ പെയ്തിറങ്ങുന്ന രാത്രിയിൽ,
ശ്വാസം നിലച്ച രാത്രികളിൽ
എന്തെ നീ വന്നില്ല ?


ഓ , പ്രിയപ്പെട്ട ആലീസ്,
നീ എന്നെ പുൽകുക, വേദനകൾ
കൂടി വരുന്നു, നിന്റെ മാറിൽ തല
ചായ്ക്കാൻ പൂതിയേറുന്നു,
നിന്റെ ഭ്രൂണത്തോട് ചേർന്നിരിക്കാൻ,
തിങ്ങുന്ന എന്റെ ശ്വാസഘോഷങ്ങൾക്ക്
ഇച്ചിരി നേരം വിശ്രമിക്കാൻ, പൂവുകൾ
പൂക്കുമ്പോൾ, ഇടമലയാറിൽ മരം പെയ്യുമ്പോൾ
നീ എന്നെ തേടി ഇറങ്ങണം
വിശ്രമിക്കാൻ ഇടം തേടി വരുമ്പോൾ
അസ്റാഈലിന് മുന്നെ നീ എന്നെ
തേടി വരേണം..



**നിഹാൽ തെക്കത്ത്**
VI Sem B A English
PSMO COLLEGE, THIRURANGADI

# ആത്മഹത്യ

രക്തമുറ്റി വീണ
പാതയിൽ വരികോർത്ത
ചോണോനുറുമ്പിന്റെ വിശപ്പകറ്റിയാണ്
ആത്മഹത്യയുടെ വേദനയിലേക്ക്
അവളിറങ്ങിപ്പോയത്.
ഉറ്റവര്ക്കുള്ള കുറിപ്പെഴുതും
മുൻപേയവൾ
കിടക്കവിരിയൊന്നുകൂടെ
നിവർത്തി വിരിച്ചു.
കിടക്കയുടെ ഒരുമൂലയിൽ ചാഞ്ഞു കിടന്നു.
അതുവരേയുള്ളയോരോയനുഭവങ്ങളും
ചികഞ്ഞെടുത്ത് പരിശോധിച്ചു.
ജീവിക്കാനുള്ള കാരണങ്ങളൊന്നുമില്ലെന്ന
തിരിച്ചറിവില് മരണഭയമങ്ങ് മാഞ്ഞു.
വിറ കൈകളോടവൾ തൂവെള്ള നിറമുള്ള
കിടക്കവിരിയിലൊരു
ആത്മഹത്യാക്കുറിപ്പെഴുതിയിട്ടു.
വിശ്വസിച്ചവരെല്ലാം ദയയില്ലാതുപേക്ഷിച്ചു
അവളെ നോക്കിയ കണ്ണുകളിൽ
സ്നേഹമാണെന്ന് വെറുതെ തെറ്റിദ്ധരിച്ചു.
നന്ദി, ഹൃദയത്തിലാഴത്തില് വേരിറങ്ങിയ
എല്ലാത്തിനോടും..




**ദിയ ഉമർ കിളിയമണ്ണിൽ**
Vth Sem, Theology and Arabic
മൗണ്ട് സീൻ ഗേൾസ് ക്യാമ്പസ് പടപ്പറമ്പ, മലപ്പുറം

# മോഹം

ആദ്യമായ് നിന്റെ കണ്ണ് എന്നിൽ പതിഞ്ഞ
നിമിഷം.

നുണഞ്ഞ് നിവർന്ന ചുണ്ടുമായ് നീ
വന്നെന്നരികെ.

നിനക്കു പകുത്തു തരാൻ എന്നരികിൽ
ഒരിറ്റു തേൻ തുള്ളി ഇല്ല പോലും..

ദുഃഖമാർന്ന നിന്റെ മുഖം കണ്ടെന്നു നടിച്ചില്ല
എന്നിതളുകൾ.

നിന്റെ വിശപ്പിനറ്റമറിഞ്ഞ് നിനക്കായ്
വിരിഞ്ഞ എന്റെ ചില്ലയിലെ ചുവന്ന പൂ.

നുകർന്നു തന്ന മധുരം നീ കണ്ടെന്നു
നടിച്ചില്ല.

നീ രുചിച്ച മധുരം കൈപ്പാർന്നത് കൊണ്ടോ.
മോഹിച്ച മധുരം കിട്ടാത്തത് കൊണ്ടോ.

നിന്റെ മുഖത്തെ അർത്ഥമാർന്ന ചിരി
മായ്ഞ്ഞ് പോയി.

നിന്റെ വിശപ്പകറ്റിയ ചുവന്ന പൂവിനെ
നിനക്കു നോവിക്കാൻ ആവില്ല പോലും.

എന്റെ മധുരമാർന്ന തേൻ നുകരുവാൻ
നിന്റെ ഹൃദയം കൊതിക്കുന്നതും.
ഞാൻ കാണാതെ പോകില്ല..




**ഫാത്തിമത് ഷാദിയ. എം**

VI BA ECONOMICS

ISS ARTS AND SCIENCE COLLEGE PERINTHALMANNA

# പാതി

നിന്നിലായ് ലയിച്ചവളെ സ്വയം നിന്നിൽ
നിന്നു പറിച്ചുമാറ്റി നീയകന്നനേരം,
ഉപേക്ഷിക്കപ്പെടുമെന്നറിയാതെയാ-
പ്രണയവും നെഞ്ചോടുചേർത്തു

പാതി ചത്ത മനസ്സുമായാ തണുത്ത തറയിൽ
ഞാൻ വീണുടഞ്ഞു കിടക്കവേ,
കലങ്ങിയ കണ്ണിലെ ചുടുചോര
ഇമകളിലൂടൊഴുകിയെൻ
കവിളിനെ പുണരുന്നൂ
അഴിഞ്ഞുവീണു ജടപിടിച്ച
മുടിയിഴകളെയൊതുക്കാൻ പോലും
ആവതില്ലാതെയെൻ കൈകൾ
നിശ്ചലമായ് കിടക്കുന്നു
വിണ്ടുകീറിയ കാൽമടമ്പുകളിൽ
ആഴ്ന്നിറങ്ങിയോരാ മരവിപ്പ്,
ഉള്ളിലൂടൊഴുകിയെൻ തലയിൽ
അമർന്നിരിക്കുന്നൂ
ചുറ്റിലുമിരുട്ടു കയറിയാലും, ഭീതി
ജനിപ്പിക്കാനാവാത്തവിധമെൻ കണ്ണുകൾ
നിസ്സഹായതയാൽ മൂടപ്പെട്ടിരിക്കുന്നു.

എങ്കിലുമെൻ മനസ്സീ കൂരാക്കൂരിരുട്ടിൽ
എവിടെയെന്നു തേടുന്നൂ,
നീയും നിലാവും ഇത്തിരി കോടമഞ്ഞും.




അതുല്യ ടി
II MSc Chemistry
Govt. College For Women, Trivandrum

# കിനാവ്

നീലാകാശത്തിൽ പറവകൾക്കൊപ്പം
പറന്നുയരണമെന്നൊരു കിനാവ്
തെളിമയാർന്ന പുഴവെള്ളത്തിൽ
മീനുകൾക്കൊപ്പം നീന്തണമെന്നൊരു
നിനവ്
നിശീഥിനിയിൽ മിന്നിത്തിളങ്ങുന്ന
നക്ഷത്രമാകണമെന്നൊരു കിനാവ്
ചിത്രങ്ങളെ വർണ്ണാഭമാക്കുന്ന
നിറക്കൂട്ടങ്ങളാകണമെന്നൊരു കിനാവ്
തരുവിൽനിന്നുതിർന്ന് വീഴുന്ന ഗുൽമോഹർ
പൂവാകണമെന്നൊരു കിനാവ്
പൂക്കളെ പുളകം കൊള്ളിക്കും
പൂമ്പാറ്റയാകണമെന്നൊരു കിനാവ്
മേഘക്കൂട്ടങ്ങളിൽ നിന്ന് പിണങ്ങിപോരുന്ന
മഴത്തുള്ളിയാകണമെന്നൊരു കിനാവ്
ഏഴ് വർണങ്ങളിൽ വിടരുന്ന
മഴവില്ലാകണമെന്നൊരു കിനാവ്
ഇത്രയും കിനാക്കൾ കാണുവാൻ കെല്പുള്ള
നീ
സഹജീവിയെ മൂർച്ചയുള്ള കഠാരയാൽ
മുറിവേൽപ്പിക്കുമ്പോൾ ഓർക്കുക
നിനക്ക് മാത്രമല്ല കിനാക്കൾ
ഹേ മനുഷ്യാ!
ലജ്ജിതനാകുക സ്വന്തം
കിനാക്കളെപോലും
പാഴ്ക്കിനാവാക്കിയതിന് !



**അകർഷ. ആർ. കെ**
III SEM BSc ZOOLOGY MODEL II
ST XAVIER'S COLLEGE FOR WOMEN ALUVA

# കാലം അപ്രതിക്ഷിതം

അപ്രതീക്ഷിതം കാലം
നല്കുന്നോരനുഭവ
മുത്തുകൾ വിളയിക്കാൻ
പാടങ്ങളുണ്ടാക്കേണം
പാടങ്ങളുണ്ടായാലോ
വിളയാൻ പണിപ്പെട്ട്
പാകത്തിലൊരുക്കണം
ശില്പ ഗോപുരങ്ങളിരുന്നു
ചിന്തിച്ചെന്നാൽ
മുത്തുകൾ വിളയില്ല
വിളയിൽ പതിരുണ്ടാവും
നല്ല ചിന്തകൾ തേച്ചു
മിനുക്കിയൂതിക്കാച്ചി
പിന്നെയുമൊരുക്കണം
വിളയിൻ മേന്മക്കായി..
അല്ലായ്കിലെണ്ണം കൂടാ
മുൾക്കാമ്പുണ്ടാവില്ല
വല്ലാതെ പൊങ്ങാം
ചോല മരത്തിൻ സമാനമായ്...
നല്ലതു ലഭിക്കുവാൻ
നല്ല മുത്തുകൾ വേണം
നന്മകൾ ചെറുതാകിലും
നാടെങ്ങും മണത്തിടാം...!




**അഭിന. എം . പി**

III BSc Mathematics
Sree Gokulam Arts and Science College, Balussery

# നിന്നിലേക്ക്

വിരളമാം ജീവിതം
വിസ്മയമാക്കുവാൻ വിതുമ്പി
വന്നൊരു കാലത്തിലേക്ക്
ചുടു പരപ്പുകളിലേക്ക്
ഒഴുകുന്ന
ജലധാരകളായ എന്റെ പ്രണയം
നിൻ ഗന്ധം പടർത്തുന്ന പൂവിലുമുണ്ട്
എന്നെ തഴുകുന്ന കാറ്റിലുമുണ്ട്
നിൻ ഗന്ധർവഹിതം
പ്രമദാവനത്തിൽ നിന്ന്
പടർന്നാമണത്തിൽ
നിൻ ഗാത്രമെന്നെ പുണരുന്ന പോലെ
അവനിയിൽ ഞാനൊന്നു പതിക്കുമ്പോൾ
പോലും നിൻ സ്പർശമെന്നെ
തലോടുന്നപോലെ
നദി സമുദ്രത്തിലേക്കെന്ന പോലെ
ഞാൻ നിന്നിലേക്ക്.




**ഐശ്വര്യ. സി. കെ**
BA English 3rd year
Sree Gokulam Arts & Science College Balussery

# പ്രഭാതം

സൂര്യ രശ്മികളാൽ ഭൂമിയെ
സ്പർശിതയാക്കാൻ നിമിഷനേരം മതി

ആരുണന്റെ ആ ചെറു
സ്പർശനത്താൽ
ഭൂമി പല വിസ്മയങ്ങൾക്കായ്
ഒരുങ്ങുന്നു.
ആ കണ നേരത്തിൽ
ഭൂമി അതി സുന്ദരിയായ്
ഉടനടി ഭൂമിയിലേക്ക്
പതിക്കുന്ന മഴത്തുള്ളി
പുൽനാമ്പിനെ തളിരണിയിക്കുന്നു.

ആ സ്പർശന വേളയിൽ
പൂക്കൾ ആടയാഭരണങ്ങൾ
വിടർത്തി
ഒരു നവ വധു കണക്കെ
നിൽക്കയായി




**നിരഞ്ജന. ബി. എ**

1'st year BA English

Sree Gokulam Arts and Science College, ബാലുശ്ശേരി

# ആ നിമിഷം

പൂക്കാതിരുന്നതെന്തേ നീ
പൂക്കില്ലെന്നു ശഠിച്ചതെന്തേ നീ...
അൻപതാണ്ടായത്ര നിനക്ക്
മൂവാണ്ടൻ മാവേ, ഈ നാളിനു
വേണ്ടിയോ നീ കാത്തിരുന്നു
മകരത്തിൻ തണുപ്പിൽ
നിൻ ശിഖരത്തിലൊരു
പൂങ്കുലയെങ്കിലും കാണാൻ
വെമ്പിയിരുന്നു ഞാൻ
കാലചക്രമുരുളവെ, ഒരുനാൾ
ഇളം കാറ്റിനൊരു സുഗന്ധം
പോയിനോക്കി ഞാൻ മൂവാണ്ടനരികെ
വിസ്മയമെൻ കണ്ണിൽ തുളുമ്പി
ഏറെ കൊതിച്ചൊരാ നിമിഷം
ഒരു കുഞ്ഞുപ്പൂങ്കുല
മിഴിതുറന്നിരിക്കുന്നു.




**രാഘേന്ദു. ആർ**

1 B A English Language and Literature
Sri Gokulam Arts and Science College, Balussery

# മായാത്ത സ്മൃതികൾ

ഒത്തിരി ഓർമ്മകൾ
ഉറങ്ങി കിടക്കുമെൻ
അകതാരിൽ വർണ്ണങ്ങൾ
ചാലിച്ചൊരാ ബാല്യം...!!!

ആശിച്ചൊത്തിരിയാ കാലം
തിരികെയൊന്നണഞ്ഞെങ്കിൽ,
ആശങ്കയൊട്ടുമേയില്ലാതെ
വളർന്നൊരാ ബാല്യകാലം...!!!

ധരണി കറങ്ങും പോൽ കറങ്ങു-
ന്നൊരാ പമ്പരം കളിച്ചതും
സ്ഫടികം പോൽ തിളങ്ങു-
ന്നൊരാ ഗോലി കളിച്ചതും

എത്ര തൊട്ടാലും വീണ്ടും
തളിർത്തീടും തൊട്ടാവാടിയി-
ലന്ന് തൊട്ട് കളിച്ചതും
ജലകണമേറ്റാൽ വിത്തു ചിതറുമാ
വേലിപ്പടക്കത്തിലുമിനീർ പുരട്ടിയതും


പൂത്തു നിൽക്കുമാ തെച്ചി പൂന്തേൻ
പൂമ്പാറ്റയെ പോൽ നുകർന്നതും
തെങ്ങിൻ നാരാൽ കോർത്തെടുത്ത
മുല്ലമാല തലയിൽ ചാർത്തിയതും
ചെറു കാറ്റണഞ്ഞാൽ വാനിലുയരുമാ
അപ്പൂപ്പൻ താടിയൊന്നൂതി പറപ്പിച്ചതും

അച്ചിങ്ങാ തിരിപ്പ കറക്കി നടന്നതും
ഓലപ്പങ്ക കറക്കിയന്നോടി,
മുട്ടുമുറിഞ്ഞ് ചോര പൊടിഞ്ഞതും
വഴക്ക് കേൾക്കുമെന്നാധിയോടെ
വാതിൽ തൻ പിറകിലൊളിച്ചതും

പൂഴി നിറച്ചൊരാ കണ്ണൻ
ചിരട്ടയിൽ മണ്ണപ്പം ചുട്ടതും
അക്ഷരത്തെറ്റെഴുതിയൊരാ
കല്ലലകൾ മഷിത്തണ്ടാൽ മായ്ച്ചതും
കളിക്കൂട്ടുകാർ വലിച്ചൊരാ
കമുകിൻ പാളയിലെ യാത്രയും
കുസൃതികുറുമ്പനായ് കുഴിയിലൊളി-
ച്ചൊരാ കുഴിയാനയെ പിടിച്ചതും

കൂട്ടൽ കുറയ്ക്കൽ പഠിച്ചിടാനായ്
മഞ്ചാടികൾ പെറുക്കിയെണ്ണിയതും
നിദ്ര പുൽകും വരെ പാറിപ്പറക്കുമാ
മിന്നാമിന്നിയെ നോക്കി കിടന്നതും

മഴയെന്നോ വെയിലെന്നോയി-
ല്ലാതെ കളിച്ചൊരാ സുന്ദര കാലം,
ഒരിക്കലും തിരിച്ചണഞ്ഞിടാ-
ത്തൊരാ പൊഴിഞ്ഞ കാലം
മാഞ്ഞു പോയിടാതെൻ
ഓർമ്മയിലൂടെ എന്നുമേ
വാഴുന്നോരാ ബാല്യകാലം...!!!



**ഇഷ ഫാത്തിമ**
III BSc Psychology
Al Shifa College of Arts and Science, Keezhattur,
Perinthalmanna

# തിരിച്ചറിഞ്ഞില്ല നിന്നെ

പ്രണയമേ...
നീയെൻ ഹൃദയത്തിൽ
കേറിയിരുന്നിട്ടിന്നേറെ നാളായ്....

കാണാതെ ,മിണ്ടാതെ,കണ്ണിൽ നോക്കാതെ
നീ ...
ഹൃദയത്തിൽ നിന്നെ ഞാൻ
തഴുകി ..തലോടി..ഉമ്മവെച്ചു..

കാലമെത്ര കഴിഞ്ഞു...
പൂക്കൾ കൊഴിഞ്ഞു പിന്നെയും തളിർത്തു..
എൻ കറുത്ത രോമ കൂട്ടിനുള്ളിൽ
സ്വർണ്ണ നിറവും പിന്നെ വെളുത്ത നിറവും
പടർന്നു...

എൻ കാഴ്ചകളൊക്കെ മങ്ങി
തുടങ്ങിയെങ്കിലും, നീ ..
നിന്റെ പതിനാറിൻ പ്രണയം ഹൃദയത്തിൽ
തീർത്ത പൊയ്കയിൽ
ഞാനും പതിനാറു കാരനായ് നീന്തി തുടിച്ചു..

ഇന്നെന്റെ ജീവിതത്തിൽ ബന്ധങ്ങൾ
ഏറെയായ് ..
എങ്കിലും നിന്നോർമ്മകൾ
പലപ്പോഴുമെന്നെ യുണർത്തി...
പലപ്പോഴുമെന്നെ തളർത്തി..
പലപ്പോഴുമെന്നിൽ ശൂന്യത നിറച്ചു...

നിന്റെ ചുരുൾ മുടിയും വെളുത്തു നീണ്ട കൈ വിരലും , നിന്റെ
മധുരമൂറും ചിരിയുമെല്ലാം ..
പലയിടങ്ങളിലും തേടി ഞാൻ..

ഒടുവിൽ നീ ചിതൽപിടിക്കാതെ
എന്റെ മനസ്സിൽ മാത്രം മിച്ചമെന്ന
തിരിച്ചറിവിൽ
വീണ്ടും നിന്നെ ശക്തമായ് പ്രണയിച്ചു
ഞാൻ...

എന്തോ പൊതിഞ്ഞെടുത്ത ഒരു കഷ്ണം
കടലാസിൽ..
നിന്റെ ഫോട്ടോയും പേരും വിലാസവും...
കണ്ട മാത്രയിൽ ഓർത്തു ഞാൻ..

വന്നിരുന്നു നീ പലവട്ടം എൻ മുന്നിൽ..
ജീവിത പ്രാരാബ്ധം തീർത്ത ഒരു
കച്ചവടക്കാരിയായ്..

വിലപേശിയിട്ടുണ്ട് പലപ്പോഴും നീ
എന്നോടായ്..
വർത്തമാനം പറഞ്ഞിരുന്നിട്ടുണ്ട്
എപ്പോഴൊക്കെയോ എന്നോടായ്..

കാലം നിന്നിൽ വരച്ച നരയും ചുളിവും..

ബാധ്യതകൾ നിനക്കു തന്ന വ്യക്തമല്ലാത്ത
നിന്റെ സംസാരങ്ങൾക്കുമിടയിൽ..
എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞില്ല..

നിന്റെ ചുരുൾമുടിയെല്ലാം എവിടെ പോയി
കളഞ്ഞു ..

നിന്റെ കണ്ണിലെ തിളക്കം ആര്
കൊണ്ടുപോയി..

ആരും കാണാതെ നീ എനിക്ക് തന്ന
പുഞ്ചിരി പോലും..
ഞാൻ നിന്നിൽ കണ്ടില്ല..

നിന്റെ ഹൃദയം നീ കഠിനമാക്കിയതോ ...
അതോ ആ ഹൃദയത്തിൽ ഞാൻ മരിച്ചു
മണ്ണടിഞ്ഞതോ ..
നീയും എന്നെ തിരിച്ചറിയാതെ പോയി..

ഇനി ഞാനില്ല ..
ഈ ജീവിതമത്രയും തേടിയത്
നിന്നെയായിരുന്നു...
ഹൃദയത്തിൽ നിനക്കായ് ഒഴിച്ചിട്ട മുറിയിൽ
ഒരു തുളസിത്തറയും ..
അന്തിത്തിരിയും വെക്കാം..
നിന്നെ കുത്തിക്കുറിച്ചിരുന്ന മനസ്സിന്റെ താളിൽ ..
ഞാൻ ഇനി എന്തെഴുതും ..
എന്നിൽ
ശൂന്യത മാത്രം നിറയുന്നു
..... ശൂന്യത മാത്രം....




**ഫസീല. കെ. പി**

III B. Com Finance
Al Shifa College of Arts and Science, Keezhattur,
Perinthalmanna.

# മകൾ

"അവളെന്റെ ഗർഭപാത്രത്തിൽ ഉടലെടുത്ത
ദിനം...
അന്നായിരുന്നു ഞാൻ ആദ്യമായി
മാതൃത്വത്തിൻ സുഖമറിഞ്ഞത് ...
പിന്നീടുള്ള ഒൻപത് മാസവും അഞ്ച് ദിനവും
തമ്മിൽ കാണാതെ ഞങ്ങൾ ...
സ്നേഹിച്ച് കൊണ്ടേയിരുന്നു..
പോക്കിൾക്കൊടി ബന്ധം വേർപെട്ട്
അവൾ വന്ന ദിനം...
അമ്മിഞ്ഞപ്പാൽ നുകർന്ന് അവൾ എന്നെ
അമ്മയാക്കി...
അവളുടെ ഓരോ ഭാവങ്ങളും
എന്നിലെ സ്വപ്നങ്ങളായി
അവളുടെ ശ്വാസം എന്റെ ജീവനായി
അവളുടെ വിജയങ്ങൾ എന്റെ
വിജയങ്ങളായി ...
ഇന്നവളെന്റെ പ്രിയ കൂട്ടുകാരി..."



ശ്രീനന്ദന
I st year B. Sc Computer Science,
Sir Syed Institute for Technical Studies, Thalipparamb

# വിസ്മയിക്കവെ......

നിമിഷമാം നേരം ഇരുൾ വന്നുമൂടവേ
ഇമവെട്ടിടവേ കൺപോളകൾ
വന്നുവോ നീ അരികിലായി
എൻ ചാരെയായി ഇരുന്നുവോ .....

കാണുന്നു ഞാൻ നിന്നിലെ വിസ്മയം
എനിക്കായി ലഭിച്ചിതാ നൂറു പുതുനാമ്പുകൾ
കാണുന്നു ഞാൻ ഇതാ അറിയുന്നു ഞാൻ
നിയെൻ മകളായി പിറന്നു വിണു......

നിൻ കളിചിരിയൊച്ചകൾ
എല്ലാം ഉണർത്തുന്നിതാ ലോകത്തെ
ഉണരൂ... തുടങ്ങുനിൻ......
അർത്ഥമാം ജീവിതം.



**ആര്യ ആർ സുരേന്ദ്രൻ**
II BA English Language and Literature
Malabar Arts &Science College For Women, Chekkiad

# നിളയുടെ കാത്തിരിപ്പ്

നിളയിത്ര നിഴലായ് ചുരുങ്ങിയത്
നീ വരുമെന്നറിഞ്ഞിട്ടാവാം
മറുകര ചാടിക്കടക്കാൻ
നീ മടി കാണിക്കാതിരിക്കാനാവാം,
എന്തിനാണെന്നറിയാതെ
മടങ്ങുന്ന നേരത്ത്
നിളയെ നോക്കി മന്ദഹസിക്കാൻ
മറക്കരുത് ഒരിയ്ക്കലെങ്കിലും
ആ വരവും കാത്ത്
നിളയാകാതിരിക്കാം
എന്നാലും ഒരിക്കലെങ്കിലും
തന്നിലേക്ക് സ്വയം ചുരുങ്ങാൻ
നിളക്ക് പകരമാവാനല്ലെങ്കിലും
സ്വയം അറിയാനെങ്കിലും.
-രാത്രികവി




**ശ്രീലക്ഷ്മി. സി**

Integrated PG English and Media Studies
IInd year TMG College, Tirur

# ഇരുളിൽ ആരുമറിയാതെ

സൂര്യനുദിക്കുമിവിടെ നിത്യം, വെളിച്ചം
വെക്കില്ല
ചന്ദ്രൻ ഉണർന്നാലുമിത്തിരി പോലും വെട്ടം
തെളിയില്ല
മിന്നാ മിനുങ്ങുകളില്ല, വിളക്ക്
കൊളുത്തുകാരില്ല
കൊളുത്താനൊരു വിളക്കുതിരിയും
കാണുന്നില്ല
ഇരുട്ട്, കണ്ണടച്ചു പിടിച്ചയിരുട്ട്
എന്നുമെപ്പോഴും ഘനരാത്രി
എന്തും ചെയ്യാം, എവിടെയും പോകാം
ആരും കാണില്ല
ചെരിഞ്ഞും പാത്തും നോക്കിയിട്ടൊന്നും
കാര്യമില്ല, ആർക്കുമൊന്നും കാണില്ല

ഇരു കാതം നടന്നുവിന്ന് ഞാൻ
ചുറ്റിക്കറങ്ങി നാടൊന്ന് കണ്ടു
വസ്ത്രങ്ങളെല്ലാമഴിച്ച് വെച്ച്, പൂർണ
സ്വതന്ത്രയായ്
നഗ്ന മേനിയെ നാട്ടുവഴികളൊക്കെയൊന്നു
കാണിച്ചു
ഇരുട്ടാണെങ്കിലും മേലെ സൂര്യനും തെളി
മാനവും കണ്ട് കാണും
അവരൊന്നും പറഞ്ഞില്ല,
കളിയാക്കിയതുമില്ല
മറ്റാരും കണ്ടില്ല, ആരുമറിഞ്ഞതുമില്ല
കാലുകൾക്കിടയിൽ പൊടിഞ്ഞ രക്തം
നോവിൻ നിറം കലർന്നിരുണ്ട രക്തം
വീർത്തു നീലിച്ച സ്തനമുഴകൾ
ആരും കണ്ടില്ല, ആരുമറിഞ്ഞതുമില്ല



**മുഹമ്മദ് മുസമ്മിൽ**
Majlis Arts and Science College
Puramannur, Vengadu, Valanchery

# നിഴലുകൾക്കപ്പുറം

മരവിപ്പ് ഘനീഭവിച്ച ഹൃദയങ്ങൾ
പ്രവിശാലമായ ഭൂമിയിലേക്ക് കുതിക്കാൻ
വെമ്പൽ കൊള്ളുകയാണ്.
വിജയപ്പ്രവാഹം.
മനസ്സ് മെയ്യിനെ സ്ഫുടകം ചെയ്തെടുത്തു.
ഒലിയും മാറ്റൊലികളും ഉയിർകൊണ്ടു.
ഏകീഭാവം.
മൗനിയായ് പിൻവലിഞ്ഞ അക്ഷരങ്ങൾ
താളത്തിലുരുവിട്ട് തുടങ്ങി.
ഈണവും താളവും സാന്ദ്രമായി.
പല്ലവിയും അനുപല്ലവികളുമായ്
തളം കെട്ടിനിന്നു.
പരമാനന്ദം.
ചുടുകാറ്റേറ്റ് വാടിത്തളർന്ന
തണൽ മരങ്ങളുടെ കാത്തിരിപ്പിനറുതിയായി.
ഇളം കാറ്റിൽ നൃത്തം വെച്ചു.
പുതുമഴയിൽ തളിർത്തു.
തണലും കുളിരും പരന്നു.
പെരുമഴക്കാലം.
ഇരുട്ടിന്റെ മൗനപഥങ്ങൾ താണ്ടിയകന്നു.
വെറുപ്പ് തീണ്ടിയ ഊടുവഴികൾ കാണാമറഞ്ഞു.
സ്നേഹവും ഇമ്പവും പുതിയ തീരങ്ങൾ തീർത്തു.



**ജസീം. എ. പി**
II nd Year B. A Sociology
Shaikh Fareed Awliya Da'wa College,
Odamala. Anamangad

## List if Publications by Publication Wing

- Republic of Hope : Anthology of Poems by Students
- Proceedings of National Student Seminar on English Fiction since 2000
- Kadhalayam: An Anthology of short stories by students
- Adhyapanathinte Naalvazhikal -A Collection of Teaching Experiences
- Digital Disruption: Commerce, Business, and Industry Marginality and Resistance in Contemporary Culture
- Interdisciplinary Insights: A Compilation of Undergraduate Student Projects
- The FaBlo: An Anthology of Faculty Blogs
- 'afterwords: An interdisciplinary annual ejournal for graduates and undergraduates'

പ്രസാധക വിഭാഗം | മലയാളം ഡിപ്പാർട്ട്മെന്റ്


അൽ ഷിഫാ കോളേജ് ഓഫ്
ആർട്സ് & സയൻസ്

കിഴാറ്റൂർ, പെരിന്തൽമണ്ണ